**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1699** **08-12-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ റോഡ് നവീകരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി കെ.കെ.രമ</td><td colspan="2">ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീരദേശ റോഡ് നവീകരണം പദ്ധതിയിൽ ഉൾപ്പെടുത്തി വടകര നിയോജക മണ്ഡലത്തിൽ എത്ര രൂപയുടെ പദ്ധതികൾക്കാണ് നാളിതുവരെ അനുമതി നൽകിയിട്ടുള്ളത്;വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തീരദേശറോഡ് നവീകരണം പദ്ധതിയിൽ ഉൾപ്പെടുത്തി വടകര നിയോജകമണ്ഡലത്തിൽ നാളിതുവരെ 170.9 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു.<table><tr><td>2021-22 വർഷം</td><td>133.3 ലക്ഷം രൂപ</td></tr><tr><td>2022-23 വർഷം</td><td>37.6 ലക്ഷം രൂപ</td></tr></table></td></tr>
<tr><td>(ബി)</td><td>ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വടകര നിയോജക മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ പേര് വിവരങ്ങൾ ലഭ്യമാക്കുമോ;</td><td>(ബി)</td><td>വിശദാംശങ്ങൾ അനുബന്ധം (1)-ആയി ചേർക്കുന്നു.</td></tr>
<tr><td>(സി)</td><td>ഇതിൽ എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമാക്കിയിട്ടുള്ളത്; പ്രസ്തുത ഉത്തരവുകളുടെ നമ്പരും തീയതിയും ലഭ്യമാക്കുമോ;</td><td>(സി)</td><td>അഞ്ച് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മൂന്ന് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ബാക്കിയുള്ള രണ്ട് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. വിശദാംശങ്ങൾ അനുബന്ധം (2)-ആയി ചേർക്കുന്നു.</td></tr>
<tr><td>(ഡി)</td><td>പതിനേഴര കിലോമീറ്ററിലധികം ദൈർഘ്യമേറിയ കടൽത്തീരമുള്ള വടകര നിയോജക മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നവീകരണത്തിന് ഈ തുക തികച്ചും അപര്യാപ്തമാണെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>(ഡി)</td><td>പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തീരദേശങ്ങളടക്കമുള്ള മറ്റു പ്രദേശങ്ങളിൽ നിന്നുള്ള ആവശ്യങ്ങളും ഫണ്ടിന്റെ ലഭ്യതയനുസരിച്ചുമാണ് തുക അനുവദിച്ചു വരുന്നത്.</td></tr>
<tr><td>(ഇ)</td><td>എങ്കിൽ വടകരയുടെ തീരദേശങ്ങളിലെ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും കൂടുതൽ തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?</td><td>(ഇ)</td><td>പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തീരദേശങ്ങളടക്കമുള്ള മറ്റു പ്രദേശങ്ങളിൽ നിന്നുള്ള ആവശ്യങ്ങളും ഫണ്ടിന്റെ ലഭ്യതയനുസരിച്ചുമാണ് തുക അനുവദിച്ചു വരുന്നത്.</td></tr>
</table>

സെക്ഷൻ ഓഫീസർ

അനുബന്ധം-1

## വടകര നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ട റോഡ് പ്രവൃത്തികളുടെ പേരുവിവരങ്ങൾ

| ക്രമ നമ്പർ | പ്രവൃത്തികളുടെ പേര് | തുക |
|---|---|---|
| 1 | ചോറോട് പഞ്ചായത്തിലെ വാർഡ് നം.17-ലെ കുരിയാടി ബീച്ച് റോഡ് | 50 ലക്ഷം രൂപ |
| 2 | ഒഞ്ചിയം പഞ്ചായത്തിലെ വാർഡ് നം.2-ലെ കുന്നത്തു റെയിൽവേ ലൈൻ മഠത്തിൽ ഡ്രെയിനേജ് കം നവീകരണം | 50 ലക്ഷം രൂപ |
| 3 | അഴീയൂർ പഞ്ചായത്ത് വാർഡ് നമ്പർ.2-ലെ പൂഴത്തല ധോബിക്കുളം ഡ്രെയിൻ കം ഫുഡ്പാത്ത് നിർമ്മാണം | 33.3 ലക്ഷം രൂപ |
| 4 | അഴീയൂർ പഞ്ചായത്ത് വാർഡ് നമ്പർ.2-ലെ ചൂടിക്കൊട്ട കൊട്ടിയിത്താഴം റോഡ് നവീകരണം | 20.3 ലക്ഷം രൂപ |
| 5 | ഒഞ്ചിയം ഗ്രാമപഞ്ചായത്തിലെ പുത്തൻവീട് മുതൽ റേഷൻകട വരെയുള്ള റോഡിന്റെ നവീകരണം | 17.3 ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ

അനുബന്ധം-2

| ക്രമ നമ്പർ | പ്രവൃത്തികളുടെ പേര് | ഭരണാനുമതി നമ്പർ | സാങ്കേതികാനുമതി നമ്പർ |
|---|---|---|---|
| 1 | ചോറോട് പഞ്ചായത്തിലെ വാർഡ് നം.17-ലെ കുരിയാടി ബീച്ച് റോഡ് | സർക്കാർ ഉത്തരവ് (സാധാ).നം.649/2021/മത്സ്യ തീയതി 10/11/2021 | 355/2021-22 തീയതി 28/12/2021 |
| 2 | ഒഞ്ചിയം പഞ്ചായത്തിലെ വാർഡ് നം.2-ലെ കുന്നത്തു റെയിൽവേ ലൈൻ മഠത്തിൽ ഡ്രെയിനേജ് കം നവീകരണം | സർക്കാർ ഉത്തരവ് (സാധാ).നം.655/2021/മത്സ്യ തീയതി 11/11/2021 | 341/2021-22 തീയതി 17/12/2021 |
| 3 | അഴീയൂർ പഞ്ചായത്ത് വാർഡ് നമ്പർ.2-ലെ പൂഴത്തല ധോബിക്കുളം ഡ്രെയിൻ കം ഫുഡ്പാത്ത് നിർമ്മാണം | സർക്കാർ ഉത്തരവ് (സാധാ).നം.655/2021/മത്സ്യ തീയതി 11/11/2021 | 387/2021-22 തീയതി 17/01/2022 |
| 4 | അഴീയൂർ പഞ്ചായത്ത് വാർഡ് നമ്പർ.2-ലെ ചൂടിക്കൊട്ട കൊട്ടിയിത്താഴം റോഡ് നവീകരണം | സർക്കാർ ഉത്തരവ് (സാധാ).നം.675/2022/ എഫ്&പി തീയതി 26/10/2022 | സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 5 | ഒഞ്ചിയം ഗ്രാമപഞ്ചായത്തിലെ പുത്തൻവീട് മുതൽ റേഷൻകട വരെയുള്ള റോഡിന്റെ നവീകരണം | സർക്കാർ ഉത്തരവ് (സാധാ).നം.672/2022/ എഫ്&പി തീയതി 26/10/2022 | സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ